# ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നം. എൻജി/4502/എസ്.എസ്.യു.എസ്/2018 തീയതി 01.06.2018.

## ദർഘാസ് പരസ്യം.

സി.പി.ഡബ്ലിയു.ഡി, കെ.പി.ഡബ്ലിയു.ഡി, എം.ഇ.എസ് എന്നിവയുടെ അംഗീകൃത കരാറുകാരിൽ നിന്നും പ്രവൃത്തിയുടെ പേര് എഴുതിയ മുദ്രണം ചെയ്യപ്പെട്ട കവറുകളിൽ താഴെ പറയുന്ന പ്രവൃത്തിയ്ക്ക് നേരെ കൊടുത്തിരിക്കുന്ന സമയത്തിനുള്ളിൽ കാലടി മുഖ്യകേന്ദ്രത്തിൽ ലഭിക്കത്തക്കവണ്ണം മത്സരാധിഷ്ഠിതമായ ദർഘാസുകൾ ചുവടെ ഒപ്പിട്ട ഉദ്യോഗസ്ഥൻ ക്ഷണിക്കുന്നു.

ദർഘാസുകൾ 16.06.2018 തീയതി ഉച്ചയ്ക്കുശേഷം 3.30 ന് മുഖ്യകേന്ദ്രത്തിൽ വച്ച് തുറക്കുന്നതാണ്.

എന്തെങ്കിലും കാരണവശാൽ ദർഘാസുകൾ തുറക്കേണ്ട ദിവസം അവധിദിവസമാവുകയാണെങ്കിൽ ദർഘാസുകൾ അടുത്ത പ്രവൃത്തിദിവസം സ്വീകരിക്കുകയും തുറക്കുകയും ചെയ്യുന്നതാണ്.

ദർഘാസിന്റെ റദ്ദുചെയ്യാത്ത കാലഘട്ടം ദർഘാസ് തുറക്കുന്ന തീയതി മുതൽ 4 മാസം വരെയാണ്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേരും പി.എ.സി.യും | ദർഘാസ് ഫീസ് | ഇ.എം.ഡി | പ്രവൃത്തി പൂർത്തിയാക്കേണ്ട സമയം | ദർഘാസ് സമർപ്പിക്കേണ്ട അവസാനദിവസം |
|---|---|---|---|---|---|
| 1 | ജനറൽ സ്റ്റോറിന്റെ ഇടതുവശത്തെ ഭിത്തി പൊളിച്ച് വാതിൽ സ്ഥാപിക്കലും പഴയ വാസ്തുവിദ്യമുറിയോട് ചേർന്നുള്ള സ്റ്റെയർകെയ്സിന്റെ ഭാഗത്ത് ഗ്രിൽ പിടിപ്പിക്കലും പി.എ.സി. : 2,25,000/- രൂപ | 560/-രൂപ | 5700/- രൂപ | 3 മാസം | 16.06.2018 ഉച്ചയ്ക്കുശേഷം 3 മണി വരെ |

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദാംശങ്ങളും കാലടി മുഖ്യകേന്ദ്രത്തിലെ സർവ്വകലാശാല എഞ്ചിനീയറുടെ ഓഫീസിൽ നിന്നും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയത്ത് 02.06.2018 മുതൽ 16.06.2018 ഉച്ചയ്ക്ക് ശേഷം 1 മണി വരെ അപേക്ഷയിൻമേൽ ലഭിക്കുന്നതാണ്.

ദർഘാസ് പ്രമാണങ്ങൾ കൈമാറ്റം ചെയ്യാവുന്നവയല്ല. യാതൊരുവിധ കാരണവും കൂടാതെ തന്നെ ദർഘാസുകൾ മൊത്തമായോ ഒറ്റയ്ക്കായോ നിരാകരിക്കാനുള്ള അവകാശം ചുവടെ ഒപ്പിട്ട ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
രജിസ്ട്രാർ